"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ- പട്ടികജാതി/പട്ടികവർഗ്ഗ/മൽസ്യതൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന സംസ്ഥാന വിഹിതം ആദ്യ ഒന്നും രണ്ടും ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2009/2020/LSGD തീയതി,തിരുവനന്തപുരം, 25/10/2020

---

പരാമർശം:- 1 31/07/2017-ലെ സ.ഉ(കൈ )നം.151/2017ത .സ്വ .ഭ .വ

2 16/03/2018-ലെ സ.ഉ(കൈ) നം.34/2018/ത .സ്വ .ഭ .വ

3 21/12/2018-ലെ സ.ഉ(സാധാ) നം.3218/2018/ത .സ്വ .ഭ .വ

4 29/07/2020 തീയതിയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനയോഗം.

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/09/2020-ലെ എൽ എഫ് 2/511/2017 നം കത്ത്.

6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/10/2020-ലെ എൽ എം-103/2019/ലൈഫ് (1) നം. കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകുന്ന തുകയായ 4 ലക്ഷം രൂപയിൽ (പട്ടിക വർഗ്ഗ സങ്കേതങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ) ആദ്യ ഗഡു തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതമാണ് നൽകുന്നത്. ഭവന നിർമ്മാണത്തിനുള്ള ധന സഹായ തുകയുടെ ഗഡുക്കൾ അഡ്വാൻസായാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. എന്നാൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ടി തുക ആദ്യ ഗഡുവായി നൽകുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചതിനാൽ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി വീടിന്റെ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്നും അർഹരായ എല്ലാ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്കും സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയണമെങ്കിൽ ആദ്യഗഡു തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്നത് ഒഴിവാക്കി പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന വിഹിതമായി നൽ കേണ്ടതാണെന്നും പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതികളിൽ നിന്ന് ലൈഫ് മിഷന് വകയിരുത്തിയ വിഹിതം ധനസഹായത്തിന്റെ അവസാനഗഡുവായി നൽകുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കളായി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബഹു. പട്ടികജാതി /പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി പരാമർശം (4) പ്രകാരം വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും ആയതിനാൽ ലൈഫ് ഭവന പദ്ധതിയിലെ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്ക് നൽകുന്ന ആദ്യ ഗഡു ധന സഹായം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന

വിഹിതമായി നൽകുന്നതിനുള്ള അനുമതിയുണ്ടാകണമെന്ന് പരാമർശം (5), (6) എന്നിവ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചതനുസരിച്ച് പട്ടിക ജാതി / പട്ടിക വർഗ്ഗ/മത്സ്യതൊഴിലാളി ഗുണഭോക്താക്കൾക്ക് പരാമർശം (3)-ലെ ഉത്തരവ് പ്രകാരം നല്കുന്ന ആദ്യ ഗഡു ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന വിഹിതമായി നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.
പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന വകുപ്പ്

മൽസ്യബന്ധന വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.10.27 11:24:01 IST
Reason: Approved
സെക്ഷൻ ഓഫീസർ